പ്രിയ സുഹൃത്തേ, **"ജീവിക്കണോ മരിക്കണോ"** എന്ന ചോദ്യത്തിന് **“എന്റെ ജീവിതത്തിൽ ഞാൻ ഇത്രയധികം വേദനകൾ സഹിക്കേണ്ട കാര്യമുണ്ടോ?"** എന്ന് ആയിരിക്കാം നിങ്ങളുടെ മറുപടി. എല്ലാവരുടേയും മുന്നിൽ രണ്ട് വഴികൾ ആണ് ഉള്ളത്. ഒന്നുകിൽ ജീവൻ അല്ലെങ്കിൽ മരണം. ജീവിതം ദൈവം തന്ന അമൂല്യവും വിശുദ്ധവുമായ സമ്മാനമാണ്. എന്നാൽ ഇന്നത്തെ ലോകത്തിൽ ഒരുപാട് പേർ അവരുടെ പ്രതിസന്ധിയിലും, വേദനകളിലും, നിരാശയിലും ജീവിതത്തിന്റെ മൂല്യം കാണാതെ സ്വന്തം ജീവനെ അവസാനിപ്പിക്കുവാൻ മരണത്തെ തിരഞ്ഞെടുക്കുന്നു. ലോകാരോഗ്യ സംഘടന പറയുന്നത് പോലെ, ഓരോ വർഷവും 7 ലക്ഷത്തിലധികം പേർ ആത്മഹത്യ ചെയ്യുന്നു. ഓരോ മരണവും അവരുടെ കുടുംബങ്ങൾക്കും സുഹൃത്തുക്കൾക്കും സമൂഹത്തിനും സൃഷ്ടിക്കുന്ന അഘാതം ഒരിക്കലും നികത്തുവാൻ കഴിയാത്ത ദുഃഖകരമായ സംഭവമാണ്.

## ആത്മഹത്യ ചെയ്യുവാൻ മനുഷ്യനെ പ്രേരിപ്പിക്കുന്ന കാരണങ്ങൾ.

മനുഷ്യൻ മരണത്തെ ആഗ്രഹിക്കുന്ന കാരണങ്ങൾ പലതാണ്. ജീവിതത്തിൽ ഉണ്ടാകുന്ന സാമൂഹ്യ, സാംസ്കാരിക, മാനസിക സമ്മർദ്ദങ്ങൾ, പരിസ്ഥിതി ഘടകങ്ങൾ എന്നിവ മനുഷ്യ മനസ്സിന്റെ താളം തെറ്റിക്കുന്നു. മനുഷ്യന്റെ ജീവിതം പലവിധ പരീക്ഷണങ്ങളും ദു:ഖങ്ങളും നിറഞ്ഞതാണ്. അതെ, കുടുംബ ബന്ധങ്ങളിലുണ്ടാകുന്ന പ്രയാസങ്ങൾ, രോഗങ്ങൾ, പലവിധത്തിലുള്ള മാനുഷിക ദുരുപയോഗം, സാമ്പത്തിക തകർച്ചകൾ, ബന്ധങ്ങൾ നശിപ്പിക്കുന്ന തർക്കങ്ങൾ, ദീർഘകാല രോഗങ്ങൾ, ജീവിതത്തിലെ ഏകാന്തത, വിവിധതരം പീഡനങ്ങൾ, സാമൂഹിക നിന്ദകൾ, സ്നേഹബന്ധങ്ങളിലുണ്ടാകുന്ന പാളിച്ചകൾ, സംശയം, തെറ്റിദ്ധാരണകൾ, സ്ഥിരമായ നെഗറ്റീവ് ചിന്തകൾ എന്നിങ്ങനെ പോകുന്നു അത്. ചിലപ്പോൾ **“ഒരു നിമിഷത്തെ ചിന്തയിൽ ആത്മഹത്യ മാത്രമാണ് പരിഹാരം എന്ന് വിചാരിച്ച് ”** ഒരു മുഴം കയറിലോ, കീടനാശിനികളാലോ, ആയുധങ്ങളാലോ, മാരകമായ മരുന്നുകളാലോ,കെട്ടിടങ്ങളിൽനിന്നോ വെള്ളത്തിലേക്ക് ചാടിയോ, അതുമല്ലെങ്കിൽ ഏതെങ്കിലും വണ്ടിക്കടിയിൽ അകപ്പെട്ടോ ഒക്കെ ജീവിതം അവസാനിപ്പിക്കുന്നു. എന്നാൽ ആ ഒരു നിമിഷത്തെ പ്രവർത്തിയിൽ തകർന്നടിയുന്നത് നിരവധി സ്വപ്നങ്ങളാണ്. അതിൽ കുടുംബം, കുഞ്ഞുങ്ങളുടെ ഭാവി, സമൂഹത്തിലെ മാന്യത, സ്വസ്ഥത, സമാധാനം എന്നിവ നഷ്ടപ്പെടുന്നു.

## ആത്മഹത്യ: ശാശ്വത പരിഹാരം എന്ന ചിന്ത.

ശാസ്ത്രം പോലും പറയുന്നു: ആത്മഹത്യ ചെയ്യാൻ ശ്രമിക്കുന്നവരിൽ ഭൂരിഭാഗവും ആ സമയത്തെ തീവ്രമായ മാനസിക വേദനയുടെ പിരിമുറുക്കം കൊണ്ടാണ് തെറ്റായ തീരുമാനത്തിലേക്ക് എത്തിച്ചേരുന്നത്. സത്യത്തിൽ ആത്മഹത്യ എന്നത് ഒരു ചതിയാണ്. അത് എല്ലാ പ്രശ്നങ്ങൾക്കും ശാശ്വത പരിഹാരം എന്ന മരണത്തിന്റെ വഞ്ചനയാണ്. നാം നമ്മുടെ ജീവിതത്തിൽ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങൾ മൂലം പലപ്പോഴും നമുക്ക് തോന്നും: **“ഇനി എനിക്ക് ഇതിൽ കൂടുതൽ സഹിക്കുവാൻ കഴിയില്ല, ഇതിനു എന്റെ മുൻപിൽ മരണമല്ലാതെ വേറെ വഴിയില്ല എന്ന്.”** ബൈബിളിൽ വ്യക്തമായി പറയുന്നു: **“നീ കൊല ചെയ്യരുത്” (പുറപ്പാട് 20:13).** അതിൽ സ്വയം ജീവൻ അവസാനിപ്പിക്കുന്നതും ഉൾപ്പെടുന്നു. ദൈവം തന്ന ജീവൻ നമ്മുടെ കൈകളാൽ അവസാനിപ്പിക്കുവാൻ നമുക്ക് ആർക്കും അവകാശമില്ല. ആത്മഹത്യയുടെ ചിന്തകൾ നമ്മുടെ ഉള്ളിൽ വന്നാൽ ആ ചിന്തകൾ നമ്മുടെ ബോധമനസ്സിനെ കീഴടക്കുകയും മറ്റെല്ലാ വിഷയങ്ങളും നമ്മിൽനിന്ന് മറച്ചുകളഞ്ഞിട്ട് ഒരുനിമിഷത്തെ ആ ചിന്തകൊണ്ട് നമ്മെ മരണത്തിലേക്ക് തള്ളിവിടുകയും ചെയ്യുന്നു. പക്ഷേ, സ്നേഹിതരേ, ആത്മഹത്യ ഒന്നിനും പരിഹാരം അല്ല. അത് നമ്മുടെ പ്രശ്നം തീർക്കുന്നില്ല, മറിച്ച് നമ്മെ സ്നേഹിക്കുന്ന കുടുംബത്തെയും, പ്രിയപ്പെട്ടവരെയും ജീവിതകാലം മുഴുവൻ ഓർമ്മപ്പെടുത്തുന്ന ദുഖത്തിലേക്കും, കണ്ണുനീരിലേക്കും, ദുരന്തങ്ങളിലേക്കും തള്ളിവിടുകയാണ് ചെയ്യുന്നത്.

## പ്രത്യാശയുടെ താക്കോൽ

ദൈവവചനത്തിൽ ഇപ്രകാരം പറയുന്നു **“മോഷ്ടിപ്പാനും അറുപ്പാനും മുടിപ്പാനും അല്ലാതെ കള്ളൻ വരുന്നില്ല; അവർക്കു ജീവൻ ഉണ്ടാകുവാനും സമൃദ്ധിയായിട്ടു ഉണ്ടാകുവാനും അത്രേ ഞാൻ വന്നിരിക്കുന്നത്.” (യോഹന്നാൻ 10:10).** അതുകൊണ്ട് കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചാൽ ആ ദൈവത്തിന്റെ സ്നേഹം നമുക്ക് ശക്തിയും പ്രത്യാശയും തരുന്നു. പ്രിയ സഹോദരങ്ങളേ, ആത്മഹത്യ പലർക്കും രക്ഷപെടാനുള്ള ഒരു കുറുക്കുവഴി പോലെ തോന്നാം. ഈ ലഖുലേഖ എഴുതിയ ഞാനും ഒരിക്കൽ മനസ്സ് മടുത്ത് ആത്മഹത്യ ചെയ്യുവാൻ ഒരുങ്ങിയ വ്യക്തിയായിരുന്നു. എന്നാൽ മരണത്തെ മുഖാമുഖം കാണുന്നതിന് തൊട്ടുമുൻപ് ദൈവത്തിന്റെ അദൃശ്യകരം എന്നെ സ്പർശിച്ചു. മരണത്തിന്റെ പിടിയിൽനിന്നും എന്നെ വിടുവിച്ച് മനോഹരമായ ഒരു പുതിയ ജീവിതത്തിലേക്ക് ദൈവം എന്നെ നടത്തി. ഇന്നും ഞാൻ അത്ഭുതകരമായി കർത്താവിന്റെ സ്നേഹത്തിൽ ജീവിക്കുന്നു, പ്രത്യാശയോടെ, കരുത്തോടെ...

അതെ സഹോദരങ്ങളെ, ആത്മഹത്യ ഒന്നിനും ഒരു പരിഹാരമല്ല. യേശുവാണ് രക്ഷയുടെയും പ്രത്യാശയുടെയും ഉറവിടം. ദൈവം തന്റെ ഏക പുത്രനായ യേശുക്രിസ്തുവിലൂടെ ജീവന്റെ വഴി നമുക്ക് തുറന്നു തന്നു. യേശുക്രിസ്തു ക്രൂശിൽ മരിക്കുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്തത് നമ്മുടെ പാപത്തിന്റെ പരിഹാരത്തിന് കാരണമായി. സുഹൃത്തുക്കളേ, മരണത്തിൽ നിന്നും ജീവനിലേക്കുള്ള നിത്യ വഴിയുടെ താക്കോൽ യേശുക്രിസ്തു തന്നെയാണ്.

## ഇനി ചോദ്യം നിങ്ങളോടാണ് !!

നിങ്ങൾ തിരഞ്ഞെടുക്കുന്നത് ജീവനോ മരണമോ? മരണത്തിന്റെ വഴി : പാപം, നിരാശ, ദൈവത്തിൽ നിന്നുള്ള വേർപെടൽ. ജീവന്റെ വഴി: യേശുക്രിസ്തുവിലുള്ള പ്രത്യാശ, സമാധാനം, നിത്യജീവൻ. ബൈബിൾ പറയുന്നു: **"ദൈവപുത്രനെ കൈക്കൊള്ളുന്നവന് ജീവൻ ഉണ്ട്." (1 യോഹന്നാൻ 5:12).** അതിനാൽ, ഇന്ന് തന്നെ ഒരു തീരുമാനമെടുക്കുക. മരണത്തിന്റെ വഴിയിൽ തുടരുമോ, അതോ ജീവനിലേക്കു കടക്കുമോ? യേശുക്രിസ്തുവാണ് ഏക വഴിയും, സത്യവും, മാർഗവും, ജീവനും. ഇപ്പോൾ തന്നെ യേശുവിനെ സ്വീകരിക്കൂ, അവൻ തന്നെയാണ് നിത്യജീവന്റെ താക്കോൽ.


## എന്നെ വായിക്കുന്ന സഹോദരാ, സഹോദരീ ഈ പ്രാർത്ഥന വിശ്വാസത്തോടെ ഏറ്റു പറയുക.

യേശുവേ, ഇപ്പോൾ ഞാൻ അങ്ങയുടെ മുഖത്തേക്ക് നോക്കുന്നു. എന്റെ ജീവിതം എനിക്കു ഭാരവും പ്രയാസവും ഇരുട്ടും നിറഞ്ഞതായിരിക്കുന്നു. മരണചിന്തകൾ എന്റെ മനസ്സിനെയും ബുദ്ധിയെയും ഒരുപോലെ ചുറ്റിയിരിക്കുന്നു. കർത്താവേ, എന്റെ മനസ്സിൽ സമാധാനവും, എന്റെ ഹൃദയത്തിൽ പ്രത്യാശയും, എന്റെ ജീവിതത്തിൽ പുതിയ തുടക്കവുമാകണമേ. യേശുവേ, അങ്ങല്ലാതെ എനിക്ക് മറ്റൊരു ആശ്രയവുമില്ല. അങ്ങയുടെ സ്നേഹത്താൽ എന്നെ നിറയ്ക്കണമേ, അങ്ങയുടെ കരുണയാൽ എന്നെ മാറ്റണമേ. അങ്ങയുടെ കയ്യിൽ ഞാൻ എന്റെ ജീവനെ സമർപ്പിക്കുന്നു. യേശുവേ, അങ്ങാണ് ജീവന്റെ ഉറവയും, പ്രത്യാശയുടെ വെളിച്ചവും. മരണചിന്തകൾ എന്നിൽനിന്നും നീക്കി അങ്ങയുടെ സമാധാനത്തിന്റെ വെളിച്ചം എന്റെ ഹൃദയത്തിൽ പകരണമേ. എന്റെ മനസിലെ വേദനയ്ക്ക് ഔഷധമായ അങ്ങയുടെ തിരുവചനത്താൽ എന്റെ ആത്മാവിനെ നിറയ്ക്കണമേ. **സങ്കീർത്തനങ്ങൾ 139:14** വായിക്കുന്നതുപോലെ ... **"ഭയങ്കരവും അതിശയകരവുമായി എന്നെ സൃഷ്ടിച്ചിരിക്കയാൽ ഞാൻ അങ്ങേക്ക് സ്തോത്രം ചെയ്യുന്നു. യേശുവേ ഞാൻ ഒരു പാപിയാണ്. ഞാൻ മരിക്കേണ്ട സ്ഥാനത്ത് എന്റെ പാപത്തിനു വേണ്ടി അങ്ങ് കുരിശിൽ മരിച്ചു എന്ന് ഞാൻ വിശ്വസിക്കുന്നു. അങ്ങയുടെ വചനത്തിൽ പറഞ്ഞിരിക്കുന്ന പാപമോചനവും നിത്യജീവനും എനിക്ക് നൽകണമേ. യേശുവേ അങ്ങ് എന്റെ ജീവിതത്തിന്റെ കർത്താവും രക്ഷിതാവും ആയിരിക്കണമേ. എന്റെ ജീവനും ജീവിതവും അങ്ങയുടെ കരത്തിൽ സമർപ്പിക്കുന്നു. ആമേൻ.**

സർവ്വശക്തനായ ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ. നിങ്ങളുടെ വിഷമങ്ങളും പ്രയാസങ്ങളും ആരോടെങ്കിലും മനസ്സ് തുറന്ന് സംസാരിക്കുവാനോ ഷെയർ ചെയ്യുവാനോ ആഗ്രഹിക്കുന്നുവെങ്കിൽ കൂടുതൽ വിവരങ്ങൾക്കും പ്രാർത്ഥനാ സഹായത്തിനും ഞങ്ങളുമായി ബന്ധപ്പെടുക.

**REHOBOTH CHARITABLE TRUST**
Umbidi P.O., Karukachal
contact@TheRabTrust.org

# അരുതേ! കൊല്ലരുതേ!!



## മരണത്തിൽനിന്നും ജീവനിലേക്കുള്ള താക്കോൽ!!